പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 374 | 28.10.2019 -ൽ മറുപടിക്ക്

## ഹോട്ടൽ ഭക്ഷണസാധനങ്ങളുടെ അമിത വില തടയുവാൻ നടപടി

| ചോദ്യം<br>**ശ്രീ.റോജി എം. ജോൺ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് അമിത ``വില ഈടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇപ്രകാരം അമിത വില ഈടാക്കുന്നത് തടയുവാൻ സർക്കാർതലത്തിൽ എന്ത് ഇടപെടലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുവാനോ ഏകീകരിക്കുവാനോ ഉള്ള അധികാരം ഭക്ഷ്യ വകുപ്പിന് നിലവിലില്ല. എന്നാൽ ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, ഇത്തരത്തിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (സി) അരിയ്ക്കും പലവ്യഞ്ജനത്തിനും പച്ചക്കറിയ്ക്കും പൊതുകമ്പോളത്തിൽ ഉണ്ടായിട്ടുള്ള വിലവർദ്ധനയ്ക്ക് ആനുപാതികമായിട്ടാണോ ഹോട്ടൽ ഭക്ഷണ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നത് എന്ന കാര്യം പരിശോധിക്കുവാനുള്ള സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി) അരിയ്ക്കും പലവ്യഞ്ജനത്തിനും പച്ചക്കറിയ്ക്കും പൊതുകമ്പോളത്തിൽ ഉണ്ടാകുന്ന വിലവർദ്ധനവ് ഹോട്ടൽ ഭക്ഷണസാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകുന്നതായി കാണുന്നുണ്ട്. എന്നാൽ ഹോട്ടലുകളുടെ നിലവാരമനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഹോട്ടലുടമകൾക്ക് ആയതിനാലും വില നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാലും പ്രസ്തുത വർദ്ധനവ് ആനുപാതികമാണോ എന്ന് പരിശോധിക്കുന്നതിന് വകുപ്പിന് പ്രായോഗിക പരിമിതികളുണ്ട്. എന്നാൽ ശബരിമല പോലെയുള്ള ഉത്സവ/തീർത്ഥാടന സ്ഥലങ്ങളിൽ വില നിശ്ചയിക്കുന്നതിന് സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**